**പതിനഞ്ചാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**
ബുള്ളറ്റിൻ ഭാഗം-2
2021 മേയ് 27

നമ്പർ : 9

**മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നോട്ടീസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന പ്രമേയത്തിന് ചട്ടം 118 പ്രകാരം അവതരണാനുമതി നൽകിയിരിക്കുന്നു.**

നൂറ്റാണ്ടുകളായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന നാടുകളാണ് കേരളവും ലക്ഷദ്വീപും. ചരിത്രപരമായും സാംസ്കാരികമായുമുള്ള ഗാഢബന്ധം ഇരുപ്രദേശങ്ങൾക്കും ജനങ്ങൾക്കുമിടയിൽ പണ്ടേയുണ്ട്. ബ്രിട്ടീഷ് അധിനിവേശത്തിനു മുമ്പ് ലക്ഷദ്വീപിലെ പല ദ്വീപുകളും ഭരണപരമായി കണ്ണൂരിലെ അറയ്ക്കൽ രാജവംശത്തിന്റെ കീഴിലായിരുന്നു. 1956 നവംബർ 1 ന് സംസ്ഥാന രൂപീകരണം വരെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു ലക്ഷദ്വീപ്. ലക്ഷദ്വീപിലെ ജനങ്ങൾക്കിടയിൽ ഉപയോഗിക്കുന്ന ഭാഷ മലയാളമാണ്. ഭരണതലത്തിലും മലയാളത്തിന് അവിടെ വലിയ പ്രാധാന്യമുണ്ട്. വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും വാണിജ്യത്തിനുമെല്ലാം ലക്ഷദ്വീപ് നിവാസികൾക്ക് കേരളവുമായാണ് കൂടുതൽ ബന്ധം. ഇത്തരത്തിൽ പല തലങ്ങളിലുമുള്ള പങ്കിടലുകൾ വഴി കേരളജനതയ്ക്ക് ലക്ഷദ്വീപുകാർ എല്ലാ അർത്ഥത്തിലും സഹോദരങ്ങളാണ്.

സാംസ്കാരികമായുള്ള ലക്ഷദ്വീപിന്റെ സവിശേഷതകൾക്കും അവിടത്തെ തനതു ജീവിതരീതികൾക്കുംമേൽ കടന്നുകയറ്റം നടക്കുന്നതായി അവിടത്തെ ജനങ്ങൾ തന്നെ അഭിപ്രായപ്പെടുകയാണ്. അവരുടെ ഭക്ഷണക്രമത്തെയും ഉപജീവനമാർഗ്ഗങ്ങളെയും ഒക്കെ തകർക്കാനുള്ള നീക്കങ്ങൾ നടക്കുന്നു എന്നും ലക്ഷദ്വീപുകാരുടെ ജീവനുതന്നെ വെല്ലുവിളി ഉണ്ടാകുന്ന

4-9-8121

ഭരണപരമായ നടപടിക്രമങ്ങൾ അവിടത്തെ അഡ്മിനിസ്ട്രേറ്റർ കൈക്കൊള്ളുന്നു എന്നുമാണ് അവിടെ നിന്ന് പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്. ടൂറിസത്തെ ശക്തിപ്പെടുത്താൻ എന്ന പേരിൽ ആ നാടിന്റെ സംസ്കാരവും സത്തയുമാണ് ഇല്ലായ്മ ചെയ്യപ്പെടുന്നത്. ജനങ്ങളുടെ ജീവൻ സംരക്ഷിക്കുക എന്നത് ഏതൊരു ജനാധിപത്യ സംവിധാനത്തിന്റെയും ഏറ്റവും അടിസ്ഥാനപരമായ കർത്തവ്യം ആണ്. ആ പ്രാഥമിക കർത്തവ്യം നിറവേറ്റുന്നതിനു പകരം അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ ഔദ്യോഗിക തലത്തിൽ നിന്നുതന്നെ ഉണ്ടാവുന്നു എന്നത് അത്യന്തം പ്രതിഷേധാർഹമാണ്. ലക്ഷദ്വീപിലെ ഭരണകൂടത്തിന് വ്യക്തികളുടെ ഭൂമിയും സ്വത്തും ഏറ്റെടുക്കാൻ അമിതാധികാരം നൽകുന്ന വ്യവസ്ഥ സാധാരണ ജനങ്ങളുടെ ഇടയിൽ വലിയ ആശങ്കയാണുണ്ടാക്കിയിരിക്കുന്നത്. അതുപോലെതന്നെ, ഇപ്പോൾ വരുത്തിയിട്ടുള്ള പുതിയ നിയന്ത്രണങ്ങൾ ധാരാളം ആളുകളെ അവർ ജോലി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിരിച്ചുവിടുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ഇത് വലിയതോതിലുള്ള സാമ്പത്തിക അസമത്വങ്ങൾക്കും സാമൂഹ്യ അസ്വസ്ഥതകൾക്കും ഇടവരുത്തുന്നതാണ്.

ഇന്ത്യൻ സമൂഹത്തിന്റെ ആത്യന്തികമായ സവിശേഷത അതിന്റെ നാനാത്വത്തിലെ ഏകത്വം ആണ്. ഇന്ന് ലക്ഷദ്വീപിൽ കാണുന്നതിന് സമാനമായ വിധത്തിൽ ഈ രാജ്യത്തിന്റെ നാനാത്വങ്ങളെ ഇല്ലായ്മ ചെയ്യുന്ന തരത്തിലുള്ള നീക്കങ്ങൾ ഇന്ത്യയിലെ മറ്റിടങ്ങളിലും ആസൂത്രിതമായി നടത്തിയിട്ടുണ്ട്. അവയുടെയൊക്കെ പരിണിതഫലം ദുരന്തങ്ങളായിരുന്നു. ലോകത്തിന്റെ 'പല ഭാഗങ്ങളിലും രാജ്യങ്ങളുടെ അവിഭാജ്യ ഘടകങ്ങളായ ചില പ്രദേശങ്ങൾ വെട്ടിമുറിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ സ്വന്തം നാട്ടിൽ അനാഥരാക്കപ്പെട്ട ജനവിഭാഗങ്ങൾ പലയിടത്തുമുണ്ട്. അതു പാഠമാകണം. അത്തരം ഹീനമായ പ്രവൃത്തികൾ · ഇന്ത്യയിലുണ്ടാവരുത്. രാജ്യത്തിന്റെ

ഒരുമയ്ക്കെതിരെ നിൽക്കുന്ന ശക്തികളുടെ താൽപ്പര്യ ങ്ങൾക്ക് അനുസൃതമായി നടത്തപ്പെട്ടവയാണ് എല്ലാ വിഭാഗീയ വിഘടന നീക്കങ്ങളും. ആ ചരിത്ര പശ്ചാത്തല ത്തിൽ നിന്ന് വീക്ഷിക്കുമ്പോൾ ലക്ഷദ്വീപിന്റെ ഭാവി ഉത്കണ്ഠ ഉളവാക്കുന്നു. അത് ഇരുളടഞ്ഞതായിപ്പോകുമെന്ന ആശങ്ക ഇന്ത്യൻ ജനതയുടെയാകെ മനസ്സിൽ ഉയരുന്നു. കേരളം ആ ആശങ്ക പങ്കുവയ്ക്കുന്നു. കൊളോണിയൽ ഭര ണാധികാരികളുടെ ചെയ്തികളെപ്പോലും വെല്ലുന്ന രീതിയി ലാണ് ഒരു ജനത വില കൽപ്പിക്കുന്ന സാംസ്കാരിക തനിമ യ്ക്കുമേൽ ആക്രമണം നടക്കുന്നത്. ഇത് ബഹുസ്വരത മുഖ മുദ്രയായുള്ള ഒരു ജനാധിപത്യ സംസ്കാരത്തിന് തീർത്തും അന്യം നിൽക്കുന്ന ഒന്നാണ്. അതിനാൽ തന്നെ, ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഓരോരുത്തരും ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടിക ളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ടതാണ്.

കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനുണ്ട്. അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്ററെ അദ്ദേഹത്തിന്റെ ഉത്തരവാദി ത്തങ്ങളിൽനിന്ന് നീക്കം ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനങ്ങളും സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ഈ സഭ ഐക കണ്ഠ്യേന ആവശ്യപ്പെടുന്നു.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.